**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167** **04-10-2021 - ൽ മറുപടിയ്ക്ക്**

**കല്ലാംകുഴിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിൽ 15-ാം വാർഡ് കല്ലാംകുഴിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സബ് സെന്ററിന്റെ പ്രവർത്തനം, കഴിഞ്ഞ ആറു മാസമായി ഡോക്ടറോ മറ്റ് ആരോഗ്യ സംവിധാനങ്ങളോ ഇല്ലാത്തതു കാരണം മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിലെ കല്ലാകുഴി, തുക്കള്ളൂർ സബ് സെന്ററിന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 01.03.2021 ന് സ്ഥലം മാറി പോയതിനാൽ ടി തസ്തിക ഒഴിഞ്ഞ് കിടന്നിരുന്നു. എങ്കിലും പ്രതിമാസം നടത്തി വന്നിരുന്ന പ്രതിരോധ കുത്തിവയ്പുകൾ ഡോക്ടറുടെ നേതൃത്വത്തിൽ കല്ലാകുഴി, തുക്കള്ളൂർ സബ്ബ് സെന്ററിലും നടത്തി വരുന്നുണ്ട്. നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ കല്ലാകുഴി സബ്ബ് സെന്ററിലേക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ നിയമിക്കുകയും 12.08.2021 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടറുടെ അഭാവത്തിൽ നൽകാൻ കഴിയുന്ന അത്യാവശ്യം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെന്ററിലേക്ക് ഡോക്ടറുടെയും നഴ്സുമാരുടെയും സേവനം മുടക്കമില്ലാതെ ലഭ്യമാക്കുന്നതിനും ആവശ്യമായ മരുന്നുകൾ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കോങ്ങാട് നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിലെ കല്ലാകുഴി, തുക്കള്ളൂർ സബ് സെന്ററിന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 01.03.2021 ന് സ്ഥലം മാറി പോയതിനാൽ ടി തസ്തിക ഒഴിഞ്ഞ് കിടന്നിരുന്നു. എങ്കിലും പ്രതിമാസം നടത്തി വന്നിരുന്ന പ്രതിരോധ കുത്തിവയ്പുകൾ ഡോക്ടറുടെ നേതൃത്വത്തിൽ കല്ലാകുഴി, തുക്കള്ളൂർ സബ്ബ് സെന്ററിലും നടത്തി വരുന്നുണ്ട്. നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ കല്ലാകുഴി സബ്ബ് സെന്ററിലേക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ നിയമിക്കുകയും 12.08.2021 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടറുടെ അഭാവത്തിൽ നൽകാൻ കഴിയുന്ന അത്യാവശ്യം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ